# മരണഫണ്ട്

1. ഈ പദ്ധതിയുടെ പേര് സഹകരണ മരണാനന്തര സഹായനിധി എന്നായിരിക്കും.

2. ഈ പദ്ധതിയിൽ ചേരുന്ന അംഗം മരിക്കുകയും അനന്തരവകാശി മരണാനന്തര സഹായം കൈപറ്റുകയും ചെയ്യുന്നതോടുകൂടി ഇതുമായി ബന്ധപ്പെട്ട കണക്ക് അവസാനിക്കുന്നതാണ്.

3. ഈ ഉപനിബന്ധനകൾക്ക് ബഹുമാനപ്പെട്ട തൃശ്ശൂർ ജില്ല സഹകരണ സംഘം ജോയിന്റ് രജിസ്ട്രാറുടെ അംഗീകാരം ലഭിക്കുന്ന തിയതി മുതൽ ഈ പദ്ധതി നിലവിൽ വരുന്നതാണ്.

4. ഒരു അംഗം മരിച്ച് 30 ദിവസത്തിനകം 3 മാസം/6 മാസം ടി വിവരം രേഖാമൂലം സംഘത്തെ അറിയിക്കേണ്ടതാണ്. ഒരു മെമ്പറുടെ മരണവിവരം ടി അംഗത്തിന്റെ കുടുംബാംഗങ്ങൾക്ക് രേഖാമൂലം നിശ്ചിത ദിവസത്തിനകം സംഘത്തിനെ അറിയിക്കാവുന്നതാകുന്നു. മരിച്ച് 30 ദിവസത്തിന് ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

5. മരണഫണ്ട് നല്കുന്നതിന് മരണപ്പെട്ട മെമ്പറുടെ സംഘത്തിലുള്ള ബാദ്ധ്യതകളും, കുടിശ്ശികകളും, ജാമ്യബാദ്ധ്യതകളും ഒരിക്കലും തടസ്സമായിരിക്കുകയില്ല.

6. മരണഫണ്ട് മരണപ്പെട്ട മെമ്പറുടെ നോമിനിക്കോ, അവകാശികളെ നാമനിർദ്ദേശം നല്കാത്ത പക്ഷം അയാളുടെ കുടുംബാംഗങ്ങളിൽ പ്രായപൂർത്തിയായവർക്കോ നൽകാവുന്നതാണ്. ഈ കാര്യത്തിൽ യുക്തമായ തീരുമാനം സ്വീകരിക്കുന്നതിന് ഡയറക്ടർ ബോർഡിന് പരിപൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

7. ഈ ബാങ്കിലെ ഇപ്പോൾ അംഗങ്ങളായിട്ടുള്ള മുഴുവൻ പേർക്കും മേലിൽ അംഗമായി ചേരുന്ന 50 വയസ്സുവരെ പ്രായമുള്ളവർക്കും മാത്രമേ ഈ പദ്ധതിയിൽ ചേരുവാൻ അർഹതയുണ്ടായിരിക്കുകയുള്ളൂ.

8. ഈ പദ്ധതിയിൽ ചേരുന്ന അംഗം ചേരുമ്പോൾ തന്നെ ഒരു അവകാശിയെ നിയോഗിക്കേണ്ടതും അംഗം മരണമടഞ്ഞാൽ അംഗത്തിന്റ പ്രസ്തുത അവകാശി പ്രത്യേകം അപേക്ഷയുടെ അടിസ്ഥാനത്തിൽ 5000 രൂപ മരണാനുകൂല്യം അനുവദിക്കുന്നതുമാണ്. എന്നാൽ നിയോഗിക്കപ്പെട്ടിട്ടുള്ള അവകാശിക്ക് 18 വയസ്സ് പൂർത്തിയായിട്ടില്ലെങ്കിൽ മരണമടഞ്ഞ അംഗത്തിന്റെ ഏറ്റവും അടുത്ത അവകാശിക്ക് പ്രസ്തുത ആനുകൂല്യം കൈപറ്റാവുന്നതാണ്. ഇത്തരം കേസുകളിൽ ബന്ധപ്പെട്ട ബാങ്ക് ഭരണസമിതി അംഗങ്ങൾ നല്കുന്ന ശുപാർശ സർട്ടിഫിക്കറ്റ് മതിയായ രേഖയായി പരിഗണിക്കാവുന്നതാണ്.

9. ഈ പദ്ധതിയിൽ അംഗമായി ചേർന്നിട്ടുള്ളവർ അവരുടെ ബാങ്കിലെ അംഗത്വം പൂർണ്ണമായി പിൻവലിക്കുമ്പോൾ ഇതു പ്രകാരമുള്ള അംഗത്വം അവർക്കു സ്വമേധയാ നഷ്ടപ്പെടുന്നതും പ്രസ്തുത അംഗത്തിനു ഈ പദ്ധതിയിൽ ടിയാൻ അടച്ചിട്ടുള്ള ഓഹരിസംഖ്യ മാത്രം തിരിച്ചു വാങ്ങാവുന്നതും ഇതിലെ മറ്റാനുകൂല്യങ്ങൾക്ക് അർഹത നഷ്ടപ്പെടുന്നതുമാണ്.

10. ആ ബാങ്കിന്റെ പ്രവർത്തനപരിധിക്ക് പുറത്ത് സ്ഥിരമായി താമസിക്കുന്ന യാതൊരു അംഗത്തിനും ഈ പദ്ധതിയിൽ ചേരുന്നതിന് അവകാശം ഇല്ലാത്തതും ഇതുപ്രകാരമുള്ള യാതൊരുവിധ ആനുകൂല്യത്തിനും അർഹത ഇല്ലാത്തതുമാണ്.

11. ബാങ്കിൽ അംഗമായി ചേർന്നതുകൊണ്ടുമാത്രം ഈ പദ്ധതിയിലും അംഗമായി ചേരണമെന്ന് നിർബന്ധം ഇല്ലാത്തതാകുന്നു.

12. ബാങ്കിന്റെ അറ്റാദായത്തിൽ നിന്നും നിയമാവലി പ്രകാരം വകമാറ്റുന്ന തുകകൊണ്ട് സ്വരൂപിക്കുന്ന ഫണ്ടും ഈ പദ്ധതിയിൽ ചേരുമ്പോൾ നൽകുന്ന ഓഹരിസംഖ്യയും കൂടി കൂട്ടി സ്വരൂപിക്കുന്ന ഫണ്ടിൽ നിന്ന് മാത്രം ഇതിന്റെ ആനുകൂല്യം നല്കപ്പെടുന്നതും എന്നാൽ ബാങ്ക് വക മറ്റു ഫണ്ടുകളിൽ നിന്നും ഈ പദ്ധതി സംബന്ധിച്ച് യാതൊരുവിധ ബാദ്ധ്യതകളും ഉണ്ടായിരിക്കുന്നതല്ല.

13. മരണഫണ്ടിൽ ബാക്കി നില്ക്കുന്ന സംഖ്യക്ക് വർഷാവസാനം ബാങ്കിൽ നിന്നും സ്ഥിര നിക്ഷേപത്തിനു നൽകുന്ന ഏറ്റവും കുറഞ്ഞ നിരക്കിലുള്ള പലിശ ബാങ്കിൽ നിന്നും നല്കി മരണഫണ്ടിലേക്ക് മുതൽ കൂട്ടുന്നതാണ്.

14. ഈ പദ്ധതി ബാങ്ക് നിയമാവലി - വകുപ്പിന് വിധേയമായി നിർമ്മിച്ചിട്ടുള്ളതാകുന്നു.

15. അംഗമായി ചേരുമ്പോൾ തന്നെ മരണഫണ്ട് 250.00.ക ഒരു തവണമാത്രം രജിസ്ട്രേഷൻ ഫീസായി ഒന്നിച്ച് അടക്കേണ്ടതാണ്. ഈ രജിസ്ട്രേഷൻ ഫീസ് അംഗങ്ങൾ പിരിഞ്ഞുപോകുന്ന സമയമോ, ഏതെങ്കിലും കാരണവശാൽ നിയമാനുസൃതം പുറത്താക്കപ്പെടുന്ന സാഹചര്യത്തിലോ തിരിച്ചു നൽകുന്നതല്ല.

16. ഫണ്ടിൽ രജിസ്റ്റർ ചെയ്യാത്തവർക്ക് മരണഫണ്ടിന് അർഹതയുണ്ടായിരിക്കുന്നതല്ല.

17. മരണഫണ്ടിന് ആവശ്യപ്പെടുന്ന അപേക്ഷയോടൊപ്പം സംഘത്തിൽ നിന്നും നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡിന്റെ പകർപ്പും തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിലെ മരണസർട്ടിഫിക്കറ്റും സംഘം ആവശ്യപ്പെടുന്ന മറ്റു രേഖകളോ ഹാജരാക്കേണ്ടതാണ്.

18. മരണഫണ്ട് ഭാഗികമായി നല്കാൻ പാടുള്ളതല്ല. ഒന്നിൽകൂടുതൽ ആശ്രിതരും ആശ്രിതർ മൈനറോ ആയിരിക്കുകയോ ആയാൽ സംഘം രേഖകൾക്കും ഭരണസമിതി തീരുമാനങ്ങൾക്കും വിധേയമായി നല്കുന്നതുമായിരിക്കും.

19. മരണകാരണം ഏതുതരത്തിൽ സംഭവിച്ചാലും ഈ സഹായനിധി ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കും.

20. മരണഫണ്ട് കൈപറ്റുന്നവരിൽ നിന്നും സംഘത്തിനു വേണ്ട തുക കിട്ടിയതിന്റെ രശീതിയെ സംഘം വക വൗച്ചറിലോ ഒപ്പിട്ടു തരേണ്ടതാണ്.

21. മരണഫണ്ട് നൽകുന്നതിനുവേണ്ട അപേക്ഷ രജിസ്റ്റർ, മരണഫണ്ട് രജിസ്റ്റർ എന്നിവ തയ്യാറാക്കി ക്രമാനുസൃത സൂക്ഷിക്കേണ്ടതുമാകുന്നു.

22. മരണഫണ്ടിലെ അംഗത്വം യാതൊരു കാരണവശാലും കൈമാറ്റം ചെയ്യാവുന്നതല്ല.

23. നിബന്ധന 4. അപകട മരണത്തിന് ബാധകമല്ല. എല്ലാ മെമ്പർമാർക്കും അപകട മരണത്തിന് കാലപരിധി കണക്കാക്കാതെ തന്നെ മരണാനന്തര സഹായഫണ്ട് ലഭിക്കുന്നതാണ്.